## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.105 — 12.06.2014-ലെ മറുപടിക്ക്

## റോഡ് വികസനത്തിന്റെ നവീനമാതൃകകളെ സംബന്ധിച്ച് ശില്പശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>" ഐ.സി. ബാലകൃഷ്ണൻ<br>" എ.റ്റി. ജോർജ്<br>" ഹൈബി ഈഡൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). റോഡ് വികസനത്തിന്റെ നവീന മാതൃകകളെ സംബന്ധിച്ച് ശില്പശാല സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ). ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ റോഡ് വികസനത്തിന്റെ നവീന മാതൃകകളുടെ ശിൽപ്പശാല 2013 നവംബർ 6,7 തീയതികളിൽ "Innovative Initiatives for Road Development in Kerala-Perspective" എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുറമെ ലോക ബാങ്ക്, കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയിൽ നിന്നുള്ള ഉദ്യോഗസ്ഥർ, KSTP consulting firms-ന്റെ പ്രതിനിധികൾ, മന്ത്രിമാർ, എം.എൽ.എ.-മാർ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. അഞ്ച് സെഷനുകളിലായി വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും അതിനെതുടർന്ന് ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. |
| (ബി). ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി). നവീന മാതൃകകൾ ഉപയോഗിച്ച് ദീർഘകാലം നിലനിൽക്കുന്നതും ഗുണമേൻമയുള്ളതുമായ റോഡുകളുടെ ചെലവ് കുറഞ്ഞ നിർമ്മാണവും അവയുടെ പരിപാലനവുമാണ് ഈ ശിൽപ്പശാലയുടെ ഉദ്ദേശ ലക്ഷ്യം. നൂതന സമ്പ്രദായത്തിലൂടെ റോഡ് അറ്റകുറ്റപണികൾ ക്രമീകരിക്കുന്നതും ചർച്ചാവിഷയമായി. |

| | | | |
|---|---|---|---|
| (സി). | എന്തെല്ലാം വിഷയങ്ങളാണ് ശില്പശാലയിൽ ചർച്ച ചെയ്തതെന്ന് വിശദമാക്കുമോ ; | (സി). | അഞ്ച് സെക്ഷനുകളിലായി താഴെപ്പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി.<br>1. Critical gaps in Road Infrastructure in the State.<br>2. Role of Public Works & Transport Departments in ensuring Road Safety.<br>3. Conflicts in Roads Infrastructure Development-Need for balanced approach.<br>4. New Revenue Models in PPP Projects.<br>5. Green Technology-Need of the hour. |
| (ഡി) | ശിൽപശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ വിശദമാക്കുമോ ; | (ഡി) | ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങൾ, റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ, റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ, കുറ്റമറ്റ റോഡ് സുരക്ഷാ പോളിസി മുതലായ ആശയങ്ങളാണ് ശിൽപശാലയിൽ ഉരുത്തിരിഞ്ഞത്. |
| (ഇ). | അവ നടപ്പാക്കാൻ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ? | (ഇ). | അടിസ്ഥാന സൗകര്യ വികസന രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ ഒഴിവാക്കി പരമാവധി വേഗത്തിൽ പൊതുജന പിന്തുണയോടെ പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ വകുപ്പിന്റെ പൊതുവായ മാനദണ്ഡങ്ങളിൽ നിന്നു കൊണ്ട് തയ്യാറാക്കുകയും അവ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ